SS WS – 15 [10 MM]

# തിരുവനന്തപുരം വിദ്യാഭ്യാസ ജില്ല

സ്റ്റാൻഡേർഡ് : X

## സാമൂഹ്യശാസ്ത്രം – I

<u>ഉത്തര സൂചിക</u>




**1.** പഞ്ചശീലതത്വവുമായി ബന്ധപ്പെട്ട് താഴെ തന്നിരിക്കുന്നവ പൂർത്തിയാക്കുക

**A.** പഞ്ചശീല തത്വങ്ങളിൽ ഒപ്പുവെച്ചത് ആരെല്ലാം → ജവഹർലാൽ നെഹ്റു / ______

**B.** പ്രധാന പഞ്ചശീല തത്വങ്ങൾ കൂട്ടിച്ചേർക്കുക

- രാജ്യത്തിന്റെ അതിർത്തിയും പരമാധികാരവും പരസ്പരം അംഗീകരിക്കുക
- 
- 
- 
- 

TVM EDL DT

**ഉത്തരം:-**

A) ചൗ എൻ ലാ

B)

- പരസ്പരം ആക്രമിക്കാതിരിക്കുക
- ആഭ്യന്തരകാര്യങ്ങളിൽ പരസ്പരം ഇടപെടാതിരിക്കുക
- സമത്വവും പരസ്പര സഹായവും പുലർത്തുക
- സമാധാനപരമായ സഹവർത്തിത്വം പാലിക്കുക

**2. 1986-ലെ ദേശീയ വിദ്യാഭ്യാസ നയത്തിലെ പ്രധാന ശുപാർശകൾ**




**ഉത്തരം:-**

**b)**പ്രൈമറി തലത്തിൽ വിദ്യാഭ്യാസം സാർവ്വത്രികമാക്കാനും സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ 'ഓപ്പറേഷൻ ബ്ലാക്ക് ബോർഡ്' പദ്ധതി നടപ്പിലാക്കണം

**c)** ഓരോ ജില്ലയിലും നവോദയ വിദ്യാലയങ്ങൾ സ്ഥാപിക്കണം

**d)** പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകണം

**3. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഗവേഷണരംഗത്ത് നിലവിൽ വന്ന 'ഒരു സ്ഥാപനമാണ് ശാസ്ത്ര വ്യാവസായിക ഗവേഷണ സമിതി'.മറ്റ് രണ്ട് സ്ഥാപനങ്ങൾ ഏതെല്ലാം?**

- 
- 

**ഉത്തരം:-**

- ഇന്ത്യൻ കാർഷിക ഗവേഷണ സമിതി
- ഇന്ത്യൻ മെഡിക്കൽ ഗവേഷണ സമിതി

TVM EDL DIST

**4. സ്വതന്ത്ര ഇന്ത്യ വിദ്യാഭ്യാസത്തെക്കുറിച്ച് പഠിക്കുന്നതിനായി വിവിധ കമ്മീഷനുകളെ നിയമിച്ചു. കമ്മീഷനുകളുടെ ലക്ഷ്യങ്ങൾ, ശുപാർശകൾ എന്നിവ കാണിക്കുന്ന ചാർട്ട് തയ്യാറാക്കുക.**

| കമ്മിഷനുകൾ | ലക്ഷ്യങ്ങൾ | ശുപാർശകൾ |
|---|---|---|
| ഡോ: രാധാകൃഷ്ണൻ കമ്മിഷൻ [ 1948] | സർവകലാശാലാ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള പഠനം | • തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുക<br>•<br>• |
| ഡോ: മുതലിയാർ കമ്മിഷൻ [ 1952 ] | ● | • ത്രിഭാഷാ പദ്ധതി നടപ്പിലാക്കണം<br>•<br>• |
| ഡോ: കോത്താരി കമ്മിഷൻ [1964] | ● | • 10+2+3 മാതൃകയിൽ വിദ്യാഭ്യാസം നടപ്പിലാക്കണം<br>•<br>• |

EDL DIST

**ഉത്തരം:-**

| കമ്മീഷനുകൾ | ലക്ഷ്യങ്ങൾ | ശുപാർശകൾ |
|---|---|---|
| • ഡോ. രാധാകൃഷ്ണൻ കമ്മീഷൻ (1948) | സർവകലാശാലാ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള പഠനം | • തൊഴിലധിഷ്ഠിത വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങുക.<br>• സ്ത്രീവിദ്യാഭ്യാസത്തിനു പ്രാധാന്യം നൽകണം.<br>• യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷൻ (യു.ജി.സി) രൂപീകരിക്കണം. |
| • ഡോ. ലക്ഷ്മണസ്വാമി മുതലിയാർ കമ്മീഷൻ (1952) | സെക്കണ്ടറി വിദ്യാഭ്യാസ മേഖലയെക്കുറിച്ചുള്ള പഠനം | • ത്രിഭാഷാ പദ്ധതി നടപ്പിലാക്കണം.<br>• സെക്കണ്ടറി തലത്തിൽ വിദ്യാഭ്യാസ കമ്മീഷൻ രൂപീകരിക്കണം.<br>• വിവിധോദ്ദേശ്യ സ്കൂളുകൾ സ്ഥാപിക്കണം.<br>• അധ്യാപകപരിശീലന സമിതി രൂപീകരിക്കണം. |
| • ഡോ. ഡി.എസ്. കോത്താരി കമ്മീഷൻ (1964) | വിദ്യാഭ്യാസത്തിന്റെ ദേശീയ മാതൃകയെപ്പറ്റിയുള്ള നിർദേശം | • 10+2+3 മാതൃകയിൽ വിദ്യാഭ്യാസം നടപ്പിലാക്കണം.<br>• സെക്കണ്ടറി തലത്തിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നടപ്പിലാക്കണം.<br>• മൂല്യവിദ്യാഭ്യാസത്തിന് ഊന്നൽ നൽകണം. |

**5. ചുവടെ തന്നിട്ടുള്ളത് ഇന്ത്യയുടെ വിദേശ നയത്തിന്റെ പ്രധാന തത്വങ്ങളിൽ ഒന്നാണ്. മറ്റ് തത്വങ്ങൾ ഏതെല്ലാം**

- **സാമ്രാജ്യത്തോടും കൊളോണിയൽ വ്യവസ്ഥയോടുള്ള എതിർപ്പ്**
- 
- 
- 
- 

**ഉത്തരം:-**

- വംശീയ വാദത്തോടുള്ള വിദ്വേഷം
- ഐക്യരാഷ്ട്ര സഭയിലുള്ള വിശ്വാസം
- സമാധാനപരമായ സഹവർത്തിത്വം
- പഞ്ചശീല തത്ത്വങ്ങൾ

**6. "ഇന്ത്യയുടെ ഭാവി നിർണ്ണയിക്കപ്പെടുന്നത് ഇന്ത്യയുടെ ക്ലാസ്സ് മുറികളിലാണ്." ഇത് ആരുടെ വാക്കുകൾ.**

**ഡോ.ഡി.എസ്സ്.കോത്താരി**

**എൽ.എസ്സ്. മുതലിയാർ**

**ഡോ.രാധാകൃഷ്ണൻ**

**ഉത്തരം:-**

**ഡോ.ഡി.എസ്സ്.കോത്താരി**

**7. ഇന്ത്യാ ഗവൺമെന്റ് വിദ്യാഭ്യാസം മൗലിക അവകാശമാക്കിക്കൊണ്ട് നിയമം പാസ്സാക്കിയ വർഷം**

**a) 1986 b) 1964 c) 2009**

**ഉത്തരം:-**

**2009**

8.'സ്വാതന്ത്ര്യാനന്തര ഇന്ത്യനേരിട്ട പ്രധാന വെല്ലുവിളിയായിരുന്നു നാട്ടുരാജ്യങ്ങളുടെ സംയോജനം ' -സമർത്ഥിക്കുക.

TVM EDL DIST

- ബ്രിട്ടീഷുകാർ നേരിട്ടു ഭരണം നടത്തിയിരുന്ന പ്രദേശങ്ങൾക്ക് പുറമേ ബ്രിട്ടീഷ് നിയന്ത്രണത്തിലുള്ള അറുനൂറോളം നാട്ടുരാജ്യങ്ങളും ഉണ്ടായിരുന്നു.
- 
- 
- 

**ഉത്തരം:-**

- നാട്ടുരാജ്യങ്ങൾക്ക് ഇന്ത്യയിലോ പാകിസ്ഥാനിലോ ചേരാനോ സ്വതന്ത്രമായി നിൽക്കാനോ ബ്രിട്ടൻ അധികാരം നൽകി.
- ഹൈദരാബാദ്, ജുനഗഡ്, കാശ്മീർ എന്നീ നാട്ടുരാജ്യങ്ങൾ ഇന്ത്യൻ യൂണിയനിൽ ചേരാൻ വിസമ്മതിച്ചു.
- ഫ്രാൻസ്, പോർച്ചുഗൽ എന്നീ രാജ്യങ്ങൾ തങ്ങളുടെ അധീനതയിലുള്ള പ്രദേശങ്ങൾ വിട്ടു നൽകാൻ വിസമ്മതിച്ചു.

9.നാട്ടുരാജ്യങ്ങളുടെ സംയോജനത്തിന് നേതൃത്വം നൽകിയവർ ആരെല്ലാം ? അവരുടെ സംഭാവനകൾ കുറിക്കുക.

- വി.പി. മേനോൻ *

- ലയനക്കരാർ തയ്യാറാക്കി.
- 
- 

**ഉത്തരം:-**

* സർദാർ വല്ലഭായ് പട്ടേൽ

- പ്രായോഗിക സമീപനങ്ങളിലൂടെ ഭൂരിഭാഗം നാട്ടുരാജ്യങ്ങളെയും ലയന കരാറിൽ ഒപ്പ് വയ്പ്പിച്ചു.
- വിസമ്മതിച്ച നാട്ടുരാജ്യങ്ങളെ അനുരഞ്ജനത്തിലൂടെയും സൈനിക നടപടിയിലൂടെയും ഇന്ത്യൻ യൂണിയനിൽ ചേർത്തു.